നൽകിയിട്ടുണ്ട്. കോളേജ് തലത്തിൽ കാർഷിക രീതികൾക്ക് മുൻതൂക്കം നൽകുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തുന്ന കാര്യം ബന്ധപ്പെട്ട അക്കാദമിക് സമിതികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ബി) പരിഗണിക്കുന്നതാണ്.

എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടികൾ

*9 [495] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പഠന ഗുണനിലവാരം ഉയർത്തുന്നതിന് എസ്. എസ്. എ. പദ്ധതിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അദ്ധ്യാപക പരിശീലനത്തിന് ഏകീകൃത നടപടി ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംസ്ഥാന, ജില്ലാ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, സ്കൂൾ എന്നീ തലങ്ങളിൽ ജനപ്രതിനിധികൾക്കും സമൂഹത്തിലെ മറ്റുള്ളവർക്കും പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയവയെല്ലാം സ്കൂൾ പി. ടി. എ. മുഖാന്തിരമാണ് നിർവ്വഹിക്കുന്നത്. സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വർഷത്തിൽ 2 പ്രാവശ്യം ഗ്രാമപഞ്ചായത്തുകൾ തോറും എസ്. എസ്. എ. അവബോധ പരിപാടികളും നടത്തുന്നുണ്ട്.

(ബി) അദ്ധ്യാപകർക്ക് ബ്ലോക്ക് റിസോഴ്സ് തലത്തിൽ 10 ദിവസത്തെ പരിശീലനവും ക്ലസ്റ്റർ റിസോഴ്സ് തലത്തിൽ പ്രതിമാസ ഏകദിന പരിശീലനവും നടത്തുന്നു. പരിശീലനത്തിൽ നിന്നും ലഭിക്കുന്ന നൈപുണികൾ ക്ലാസ് മുറിയിൽ പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ബി. ആർ. സി. ട്രെയിനർമാർ ക്ലാസ്തല അദ്ധ്യാപക പിന്തുണ നൽകുന്നു. ചെലവു കുറഞ്ഞ പഠനോപകരണങ്ങളുടെ നിർമ്മാണത്തിനായി ഓരോ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്കും ഓരോ വർഷവും 500 രൂപ ടീച്ചർ ഗ്രാന്റ് ആയി നൽകുന്നു. ക്ളാസന്തരീക്ഷം ആകർഷമാക്കുന്നതിനായി എൽ. പി. സ്കൂളിനു 2000 രൂപയും 1 മുതൽ 7 വരെയുള്ള യു. പി. സ്കൂളുകൾക്ക് 4000 രൂപയും സ്കൂൾ ഗ്രാന്റായി നൽകുന്നു. ഓപ്പറേഷൻ ബ്ളാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടാത്ത യു. പി. വിഭാഗം പ്രവർത്തിക്കുന്ന സർക്കാർ ഹൈസ്കൂളുകൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 823 സ്കൂളുകൾക്ക് 50,000 രൂപ വീതം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ ഫലപ്രദമായ പഠനോപകരണമായി ഉപയോഗിക്കുന്നതിനായി ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ യു. പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നുണ്ട്. വികലാംഗരായ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി റിസോഴ്സ് അദ്ധ്യാപകരുടെ സേവനം അവധിക്കാല ക്ളാസ് നടത്തുന്നതിനായി ഉപയോഗിക്കുന്നു. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പെൺകുട്ടികളുടേയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെയും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ലേണിംഗ് പാക്കേജ് നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ ആവശ്യത്തിന് കൂടി എസ്. എസ്. എ. പദ്ധതിയിൽ ആവശ്യമായ ഫണ്ടു വകയിരുത്തിയിട്ടുണ്ട്. പുതുതായി ക്ളാസ് മുറികൾ ഉണ്ടാക്കുക, ക്ളാസ് മുറികൾ വൈദ്യുതീകരിക്കുക, ക്ലാസ് മുറികൾ വേർതിരിക്കുന്നതിനുള്ള ഭിത്തി ഉണ്ടാക്കുക എന്നീ ജോലികൾക്ക് പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(സി) അദ്ധ്യാപക പരിശീലനത്തിന് ഏകീകൃത നടപടി ഉണ്ടാക്കുന്നതിനായി മദ്ധ്യവേനൽ അവധിക്കാലത്ത് അദ്ധ്യാപക പരിശീലനം നടത്തുന്നതിന് എസ്. എസ്. എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്. സി. ഇ. ആർ. റ്റി. ഡയറക്ടർ എന്നിവരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ വ്യവസ്ഥകൾ

*10 [496] ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. സി. പി. മുഹമ്മദ് :
,, ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നു മുതൽ എന്നുവരെ നിലവിലിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകൾ എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly